പതിനാലാം കേരള നിയമ സഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 42 — 26-09-2016-ൽ മറുപടിക്ക്.

## സർക്കാരാഫീസുകളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ

ചോദ്യം — മറുപടി

ശ്രീ. വി.കെ.സി. മമ്മത് കോയ — ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ആധുനികവൽക്കരണത്തിന്റെ ഭാഗമായി സർക്കാരാഫീസുകളിൽ വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ (കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ്) കൃത്യമായി ഉപയോഗിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉപയോഗയോഗ്യമായ ഉപകരണങ്ങൾ പോലും നിസ്സാര കാരണങ്ങളാൽ ഉപയോഗിക്കാതെ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഏതൊക്കെ വകുപ്പുകളാണ് നിലവിൽ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചത് ; | (സി) യും (ഡി) യും | സംസ്ഥാനത്ത് എല്ലാ തലങ്ങളിലും കമ്പ്യൂട്ടർ വത്കരണം പൂർണ്ണമായും വകുപ്പുകളിലൊന്നും പൂർത്തിയായിട്ടില്ല. പല വകുപ്പുകളിലെയും കമ്പ്യൂട്ടർ വൽക്കരണം ഇപ്പോൾ പലഘട്ടങ്ങളിലാണ്. പല വകുപ്പുകളിലും ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ, പ്ലാറ്റ്ഫോം എന്നിവ വ്യത്യസ്തങ്ങളായതിനാൽ ഇവയുടെ കോംപാക്റ്റബിലിറ്റി, കണക്റ്റിവിറ്റി എന്നിവ കണക്കിലെടുത്താണ് കമ്പ്യൂട്ടർവൽക്കരണ നടപടികൾ കൈക്കൊള്ളേണ്ടത്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ തത്സ്ഥിതി സംബന്ധിച്ച് പൂർണ്ണമായ വിവരം ശേഖരിച്ചു വരികയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമായ ശേഷം അന്തിമ മറുപടി നൽകുന്നതാണ്. |
| (ഡി) | മറ്റു വകുപ്പുകൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഇ) | ഓരോ വകുപ്പിലും കഴിഞ്ഞ 5 കൊല്ലക്കാലം വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്കും ഉപയോഗക്ഷമതയും പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സ്റ്റോക്ക് വിവരങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. ഇവ അടിയന്തിരമായി ലഭ്യമാക്കി അന്തിമ മറുപടി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ